ഉത്തരം

(എ) ഉണ്ട്. പദ്ധതി ഗ്രാന്റ് സർവ്വകലാശാലകളുടെ വികസന പ്രവർത്തനങ്ങൾക്കും പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലകളുടെ ദൈനംദിന ഭരണ ചെലവുകൾക്കുമായി അനുവദിച്ചുവരുന്നു.

(ബി) സർവ്വകലാശാലകൾക്ക് സ്വന്തമായ മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉള്ളതിനാൽ വരവ് ചെലവ് അനുപാതത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം

189 (2938) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിൽ പ്രവേശനം നൽകുമ്പോൾ സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകാറുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളിൽ എത്ര സീറ്റുകൾ വീതം സ്പോർട്സ് ക്വാട്ടയിൽ നിന്നും എടുക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്നതിന് ലിസ്റ്റ് ഉണ്ടാക്കുന്നതിന് പ്രത്യേകം കമ്മിറ്റിയെ ചുമതലപ്പെടുത്താറുണ്ടോ ;

(ഡി) യൂണിവേഴ്സിറ്റിയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഈ കമ്മിറ്റിയിൽ അംഗമാണോ ;

(ഇ) അല്ലെങ്കിൽ 2003-ലെ സ്പോർട്സ് ക്വാട്ട പ്രവേശനം മുതൽ യൂണിവേഴ്സിറ്റിയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് ഈ ചുമതല നൽകുമോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ജി) ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ പ്രവേശനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്ന കുട്ടികൾക്ക് മറ്റ് യൂണിവേഴ്സിറ്റികളിൽ പ്രവേശനം നൽകുന്നതുപോലെ മെരിറ്റ് സീറ്റിലാണോ പ്രവേശനം നൽകുന്നത് ; അല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഐ) ഷിപ്പ് ബിൽഡിംഗ് കോഴ്സിൽ 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ എത്രപേർക്ക് വീതമാണ് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകിയതെന്ന് വർഷം തിരിച്ച് പേര് വിവരം സഹിതം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) ഷിപ്പ് ബിൽഡിംഗ് കോഴ്സിലെ സ്പോർട്സ് ക്വാട്ട പേമെന്റ് സീറ്റാണോ എന്ന് വ്യക്തമാക്കുമോ ;

(കെ) കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സ്പോർട്സ് ക്വാട്ട സീറ്റുകൾ മുഴുവനും മറ്റ് യൂണിവേഴ്സിറ്റികളിൽ ഉള്ളതുപോലെ മെരിറ്റ് സീറ്റുകളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) i. സെന്റർ ഫോർ എഞ്ചിനീയറിംഗ് സ്റ്റഡീസ് നടത്തുന്ന ബി.ടെക് കോഴ്സുകളിൽ ഓരോ ബ്രാഞ്ചിലും ഓരോ സീറ്റ് വീതം സ്പോർട്സ് ക്വാട്ടയിലേയ്ക്ക് മാറ്റി വച്ചിരിക്കുന്നു.

ii. ഷിപ്പ് ടെക്നോളജി ഡിപ്പാർട്ട്മെന്റ് നടത്തുന്ന ബി.ടെക് (NA&SB) കോഴ്സിലും ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റ് നടത്തുന്ന ബി.ടെക് (ഇൻസ്ട്രുമെന്റേഷൻ) കോഴ്സിലും ഓരോ സീറ്റുവീതം സ്പോർട്സ് ക്വാട്ടയിലേയ്ക്ക് മാറ്റി വച്ചിരിക്കുന്നു.

iii. സർവ്വകലാശാല നടത്തുന്ന 30 സീറ്റിൽ കൂടുതലുള്ള എല്ലാ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലും ഓരോ സീറ്റ് സ്പോർട്സ് ക്വാട്ടയിലേയ്ക്ക് നീക്കി വച്ചിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) അംഗമല്ല.

(ഇ) 2003-ലെ സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് യോഗ്യരായ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിന് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്ലസ്ടു/സി.ബി.എസ്.സി. പഠന കാലത്ത് സംസ്ഥാനത്തെയോ സർവ്വകലാശാലയെയോ അന്തർ സർവ്വകലാശാല അല്ലെങ്കിൽ തത്തുല്യമായ തലത്തിൽ പ്രതിനിധീകരിച്ചിട്ടുള്ളവരായിരിക്കണം. ഇങ്ങനെ പ്രതിനിധീകരിക്കുന്നത് സർവ്വകലാശാലയുടെ അതത് വർഷത്തെ പ്രവേശന വിജ്ഞാപനത്തിന്റെ തീയതിക്ക് മുൻപ് രണ്ട് വർഷത്തിനുള്ളിലായിരിക്കണം.

(ജി) അതെ.

(എച്ച്) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പേമെന്റ് സീറ്റിലേയ്ക്കാണ് അഡ്മിഷൻ നൽകുന്നത് . പേമെന്റ് സീറ്റ് ഇല്ലാത്ത ബി.ടെക് (എൻ.എ.ആന്റ് എസ്.ബി) കോഴ്സിൽ ഫ്രീ സീറ്റിലേയ്ക്കാണ് പ്രവേശനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഓരോ വർഷവും ഓരോ വിദ്യാർത്ഥികളെ വീതം പ്രവേശിപ്പിച്ചിട്ടുണ്ട്. പേരുകൾ യഥാക്രമം താഴെ ചേർക്കുന്നു.

2000-01	-	ശ്രീ. റോബിൻ സിറിയക്ക്
2001-02	-	ശ്രീ. അനൂപ്. വി
2002-03	-	ശ്രീ. ഗിരീഷ്. കെ. ആർ.

(ജെ) ഷിപ്പ് ബിൽഡിംഗ് കോഴ്സിൽ പേമെന്റ് സീറ്റില്ലാത്തതിനാൽ സ്പോർട്സ് ക്വാട്ട ഫ്രീ സീറ്റിലാണ് വരുന്നത്.

(കെ) സർവ്വകലാശാലയിലെ സ്പോർട്സ് ക്വാട്ട പ്രവേശനത്തെപ്പറ്റി പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു സിൻഡിക്കേറ്റ് സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് സർവ്വകലാശാല അറിയിക്കുന്നു.

കേരള യൂണിവേഴ്സിറ്റി അറബിക് ഡിപ്പാർട്ട്മെന്റിലെ റീഡർ തസ്തിക

190 (2939) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ അറബിക് ഡിപ്പാർട്ടുമെന്റിൽ റീഡർ തസ്തിക നിലവിലുണ്ടോ ;

(ബി) അറബിക് ഡിപ്പാർട്ടുമെന്റിൽ റീഡർ പോസ്റ്റ് സൃഷ്ടിക്കുന്നതിനു വേണ്ടി യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് ശുപാർശ ചെയ്തത് ; എത്ര തസ്തികകൾ ;

(ഡി) ഇതിന്മേൽ ഗവൺമെന്റ് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) യൂണിവേഴ്സിറ്റി ശുപാർശ ചെയ്ത തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(എഫ്) തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഒരു റീഡർ തസ്തികയും രണ്ട് ലക്ചറർ തസ്തികകളും സൃഷ്ടിക്കുന്നതിന് അനുമതിയ്ക്കായി 23-11-2002-ലെ കത്തുപ്രകാരം ശുപാർശ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly